സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം
തീയതി : 25-1-2008

നം: സി.ബി(1)20805/2007

## സർക്കുലർ നം: 05/2008

വിഷയം:- സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശനിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്

സൂചന:-
1. ഈ ആഫീസിലെ 72/07, 73/07 എന്നീ നമ്പർ സർക്കുലറുകൾ.
2. 11-1-2008-ൽ കൂടിയ സഹകരണ മേഖലയിലെ നിക്ഷേപ/വായ്പ പലിശനിരക്ക് പുനർനിർണ്ണയം ചെയ്യുന്നതിനുള്ള സബ്കമ്മറ്റി തീരുമാനങ്ങൾ.
3. 16-1-2008-ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്കുകളുടെ യോഗ തീരുമാനങ്ങൾ.

******

സഹകരണ നിക്ഷേപം കേരളീയം പദ്ധതി 2007 ഡിസംബർ 15-ന് അവസാനിച്ചതിനെ ത്തുടർന്ന് സഹകരണ മേഖലയിലെ സ്ഥിരനിക്ഷേപങ്ങൾക്ക് 16-12-2007 മുതൽ പ്രാബല്യത്തിൽ വരുന്ന പലിശനിരക്കുകൾ നിശ്ചയിച്ച് സഹകരണസംഘം രജിസ്ട്രാർ 72/2007 നമ്പർ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പുതുവർഷത്തോടനുബന്ധിച്ച് ധാരാളം നിക്ഷേപകർ പുതുതായി നിക്ഷേപം നടത്തുന്ന പ്രവണത കണക്കിലെടുത്ത് 2007 ഡിസംബർ 26 മുതൽ 2008 ജനുവരി 5 വരെ സംസ്ഥാനത്ത് പുതുവത്സര നിക്ഷേപ സമാഹരണം നടത്തുന്നതിന് നൽകേണ്ട പലിശനിരക്കുകൾ നിശ്ചയിച്ച് 73/07 നമ്പർ സർക്കുലർ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. 11-1-2008-ൽ കൂടിയ സഹകരണമേഖലയിലെ നിക്ഷേപ/വായ്പ പലിശ നിരക്കുകൾ പുനർനിർണ്ണയം ചെയ്യുന്നതിനുള്ള സബ്കമ്മറ്റി നിക്ഷേപ/വായ്പ പലിശനിരക്കുകൾ പുനരവലോകനം നടത്തുകയും ശുപാർശകൾ 16-1-2008-ൽ ബഹുമാനപ്പെട്ട സഹകരണവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്ക് സമ്മേളനത്തിൽ ചർച്ച ചെയ്യുകയും സൂചന(3) പ്രകാരം പലിശനിരക്കുകളിൽ മാറ്റം വരുത്താനും തീരുമാനിച്ചിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാനത്തെ വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശനിരക്കുകൾ നിശ്ചയിച്ച് ശതമാനക്കണക്കിൽ ചുവടെ ചേർക്കുന്നു.

| ക്രമ നം | നിക്ഷേപങ്ങളുടെ കാലാവധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്കുകൾ | | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ | |
|---|---|---|---|---|---|---|---|
| | | നിലവിൽ | പുതുക്കി യത് | നിലവിൽ | പുതുക്കിയത് | നിലവിൽ | പുതുക്കിയത് |
| 1 | 15 ദിവസം - 45 ദിവസം | 5 | 5 | 5 | 5 | 5.25 | 5.25 |
| 2 | 46 ദിവസം - 90 ദിവസം | 6 | 6 | 6 | 6 | 6.25 | 6.25 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 91 ദിവസം - 179 ദിവസം | 6 | 6 | 6.25 | 6.25 | 6.50 | 6.50 |
| 4 | 180 ദിവസം - 364 ദിവസം | 8 | 7.50 | 8 | 7.50 | 8.50 | 8.00 |
| 5 | 1 വർഷം മുതൽ 3 വർഷം വരെ | 9 | 8.50 | 9.25 | 8.50 | 9.50 | 9.00 |
| 6 | 3 വർഷം മുതൽ 5 വർഷം വരെ | 8.75 | 9.00 | 9.00 | 9.00 | 9.25 | 9.25 |
| 7 | 5 വർഷവും അതിനു മുകളിലും | 8.75 | 9.25 | 9.00 | 9.25 | 9.25 | 9.50 |

മേൽ പലിശ നിർദ്ദേശങ്ങൾക്ക് ഈ സർക്കുലർ തീയതി മുതൽ പ്രാബല്യം ഉണ്ടായിരിയ്ക്കുന്നതാണ്.

ഈ ആഫീസിലെ 72/07 നമ്പർ സർക്കുലർ നിർദ്ദേശങ്ങൾ പ്രകാരം 400 പൂർണ്ണ ദിവസം, 500 പൂർണ്ണ ദിവസം, 600 പൂർണ്ണ ദിവസം പ്രത്യേക നിക്ഷേപ പദ്ധതികൾ തുടരാൻ അനുവദിച്ചിരുന്നത് ഈ സർക്കുലർ തീയതി മുതൽ തുടരേണ്ടതില്ല എന്നറിയിക്കുന്നു.

സഹകരണസംഘം രജിസ്ട്രാറുടെ 19/2007 നമ്പർ സർക്കുലർ പ്രകാരം മുതിർന്ന പൗരൻമാരുടെ നിക്ഷേപങ്ങൾക്ക് അര ശതമാനം മുതൽ ഒരു ശതമാനം വരെ അധികം നിരക്ക് നൽകാൻ അനുവദിച്ചിരുന്നതും, 5 ലക്ഷവും അതിനു മുകളിലും 3 വർഷത്തിനു മുകളിൽ നിക്ഷേപം നടത്തുന്നവർക്ക് അധികം നിരക്ക് നൽകാൻ സംഘങ്ങളെ/ബാങ്കുകളെ അനുവദിച്ചിരുന്നതും തുടരാവുന്നതാണ്.

ഒപ്പ്/-
റാണി ജോർജ്ജ് IAS
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ ജോയിൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
5. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും(ജോയിൻറ് രജിസ്ട്രാർമാർ മുഖേന)
6. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ/ മറ്റ് കാർഷികേതര വായ്പാ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിൻറ് രജിസ്ട്രാർമാർ മുഖേന)
7. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
8. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
9. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
10. സ്റ്റോക്ക് ഫയൽ

// ആജ്ഞാനുസരണം //

സഹകരണസംഘം രജിസ്ട്രാർക്ക് വേണ്ടി